പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2139 23.03.2012 ൽ മറുപടിയ്ക്ക്

അറ്റകുറ്റപ്പണികൾക്കിടയിലുള്ള മരണങ്ങളും അപകടങ്ങളും ഇല്ലാതാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി ലൈനിലും മറ്റും അറ്റകുറ്റപ്പണി ചെയ്യുന്ന സമയത്ത് അപകടമരണം വർദ്ധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | അപകട മരണം സംഭവിക്കുന്നതിൽ വർഷംതോറും ഏറ്റക്കുറച്ചിലുകൾ ഉണ്ടാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; | (ബി) | ഓരോ അപകടം സംഭവിക്കുമ്പോഴും വിശദമായ അന്വേഷണം നടത്തി കാരണം കണ്ടെത്തുകയും ഭാവിയിൽ അത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br>ചില അപകടങ്ങൾ സുരക്ഷാ മുൻകരുതലുകളും മാർഗ്ഗനിർദ്ദേശങ്ങളും വേണ്ട വിധത്തിൽ പാലിക്കാതിരുന്നതുകൊണ്ടാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമായിട്ടുണ്ട്. ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | അറ്റകുറ്റപ്പണികൾക്കിടയിലുള്ള മരണങ്ങളും അപകടങ്ങളും ഇല്ലാതാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ? | (സി) | വൈദ്യുത ലൈനുകളിലെ പ്രവൃത്തികൾക്കിടയിലുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി ഉദ്യോഗസ്ഥന്മാർക്കും കരാർ തൊഴിലാളികൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. കൂടാതെ പ്രവൃത്തി സമയത്ത് മുൻകരുതൽ എന്ന നിലയിൽ ധരിക്കേണ്ടുന്ന ഹെൽമറ്റ്, കയ്യുറ, സേഫ്റ്റി ബെൽറ്റ് എന്നിവയുടെ ഉപയോഗം നിർബന്ധമാക്കിയിട്ടുണ്ട്.<br>സുരക്ഷാകാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കാൻ ബോർഡ് ചീഫ് എൻജിനീയർ റാങ്കിൽ ഒരു സേഫ്റ്റി കമ്മീഷണറേയും അദ്ദേഹത്തിന്റെ കീഴിൽ |

(.........2)

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ എക്സിക്യൂട്ടീവ് എൻജിനീയർമാരേയും നിയമിച്ചിട്ടുണ്ട്. സബ്ഡിവിഷൻ അസി-സ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർ സേഫ്റ്റി ഓഫീസർമാരുടെ ഉത്തര വാദിത്തം നിറവേറ്റണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപകടങ്ങൾ ഒഴിവാക്കുന്നതിനായി വൈദ്യുതി ലൈനിൽ ജോലി ചെയ്യുന്നതിനു മുമ്പായി ലൈൻ ഓഫ് ആക്കിയെന്ന് ഉറപ്പുവരുത്തുകയും ലൈനുകളുടെ എർത്തിംഗ് കാര്യക്ഷമമായി നടത്തുകയും ചെയ്യുന്ന എന്ന് ജോലികൾക്ക് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ ഉറപ്പാക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സുരക്ഷാ മാന്വലിലും ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള സുരക്ഷ സംബന്ധിച്ചിട്ടുള്ള സർക്കുലറുകളിലും ജോലി ചെയ്യുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ